പുറത്തെഴുത്ത് കത്ത് നം. എച്ച്3/30197/2016/ഡി.ജി.ഇ തീയതി, 26/08/2020

സർക്കാർ കത്തിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എം.കെ.ഷൈൻമോൻ
പെൻ 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

സ്വീകർത്താക്കൾ

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

ബി.ഒ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ.ജെ3/37/2020/പൊ.വി.വ 30/06/2020,തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊ.വി.വ - കെ ടെറ്റ് യോഗ്യത - സംബ

സൂചന:- താങ്കളുടെ 18.06.19 ലെ എച്ച്3/30197/ഡി.ജി.ഇ നമ്പർ കത്ത്

NCTE 20/07/11-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന് മുൻപായി സർക്കാർ സർവ്വീസിൽ പി എസ് സി വിജ്ഞാപന പ്രകാരം പ്രവേശിച്ച അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യതയില്ലാത്തതിന്റെ പേരിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ല എന്ന പരാതികൾ ലഭിക്കുകയും, സൂചന കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു നിലപാട് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ച വരുന്നതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപെടുകയുണ്ടായി.

പരാതിയിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ പരിശോധിച്ചു. സൂചന കത്തിലെ നിർദേശം എൻ സി ടി ഇ യുടെ 20.07.11 ലെ വിജ്ഞാപനത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. 20.7.2011 ന് മുൻപ് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്ക് കെ ടെറ്റ് യോഗ്യത നിഷ്കർഷിക്കേണ്ടതില്ല. അന്നേ തീയതിക്ക് ശേഷം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സർവ്വീസിൽ പ്രവേശിച്ചവർക്ക് മാത്രമാണ് കെ ടെറ്റ് യോഗ്യത നിഷ്കർഷിക്കേണ്ടത് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

Validity unknown
Digitally signed by PARVATHY S A
Date: 2020.07.01 15:55:48 IST
Reason: Approved